"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് 5 ആധാരങ്ങൾ വീതം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകി കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പിൻവലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.504/2021/നി.വ തീയതി,തിരുവനന്തപുരം, 27/07/2021

---

പരാമർശം:-
1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 10.06.2021 തീയതിയിലെ IGR/1978/2020- IT1 നമ്പർ കത്ത്.
2. സ.ഉ(അ) നം.43/2021/നി.വ തീയതി, 05.07.2021
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 09.07.2021 തീയതിയിലെ IGR/1978/2020- IT1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (3) പ്രകാരമുള്ള കത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പിൻവലിച്ചുകൊണ്ടും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കോവിഡ് മാനദണ്ഡം പാലിച്ച് ആധാരങ്ങൾ രജിസ്ട്രേഷന് സ്വീകരിക്കാൻ അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ഭൂമി രജിസ്ട്രേഷൻ സംബന്ധിച്ച് സബ് രജിസ്ട്രാർ ആഫീസുകളിൽ ഉണ്ടാകാനിടയുള്ള തിരക്ക് കോവിഡ് പ്രോട്ടോക്കോൾ പ്രകാരം നിയന്ത്രിക്കാൻ ആവശ്യമായ നിർദ്ദേശം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഒരു സർക്കുലർ മുഖേന എല്ലാ സബ് രജിസ്ട്രാർമാർക്കും നൽകേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Pramod M V
ഡെപ്യൂട്ടിസെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്), കേരളം, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, വാർത്താ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ